
# Fatima Mata National College
(Autonomous)



# Pyarima 2015-16

Scanned with CamScanner

# Editorial Board



Dr. Vincent B. Netto
Principal

## Staff Editors



Radhika P Menon
(English)



Asha Stephen
(Malayalam)



Dr. Satheesh Kumar
(Hindi)



Linda Pious
(French)


## Student Editors



Ardra G. Ajayan, Ria Mary Jojo, Noel, Nazeem N, Rizwan K.J, Varghese, Stevelal



Scanned with CamScanner




# ANNUAL REPORT

The academic year 2014- 2015 was a turning point in the history of the College. We were granted Autonomous status by the UGC, University of Kerala and Govt. of Kerala. Dr. Vincent B. Netto took over the reins of the College fully determined and committed to steer. Fatima in its quest for academic and administrative excellence. Software enabled attendance posting of students marked a milestone in the administrative auditing of the Institution. We reaped a bountiful harvest at the University Youth Festival. The RUSA supported National Seminar on "Fostering Synergistic relationships in the Higher Education Scenario". Capacity building and Pedagogical innovation" organized by the IQAC on March 4 & 5, 2016 went a long way in refining the academic ambience of the college. It is hoped that the dedicated team spirit of the faculty and students will enable the college to the coveted "College with Potential for Excellence" tag.

# HIGHLIGHTS OF THE YEAR

| | |
|---|---|
| 10 July | Induction Programme for UG Sem 1 Students |
| 13August | Cultural Programme hosted by Dept of Botany |
| 20September | Onam Celebrations |
| 23September | Release of College Magazine Pyarima |
| 30September | Teacher's Day Celebrations, Seminar on "Effective Monitoring" and "Question Paper Setting" |
| 9 September | Central Bank of India's Awareness Drive targeting fisherwomen of Kollam. Prime Minister's Mudra Yogana Scheme for Entrepreneurial Initiatives organized by the Dept.of Zoology |
| 12 September | Inauguration of Women's Study Unit |
| 03 October | Workshop on Obesity Management organized by Women's Cell |
| 07 October | Inauguration of Walk With a Scholar (WWS) and Student Support Programme (SSP), Initiatives of Higher Education Dept, Govt. of Kerala. |
| 21 October | Inauguration of Film Club and Seminar on "Directorial Benchmarks" |
| 02 November | College Union Elections |
| 23November | Commencement of Online Attendance Posting of Students |
| 06 October | One day awareness programme on Cost Effective Technology transfer on value addition to trash fish leading to livelihood enhancement of fisherwomen of Kollam, Kerala "Organized by Dept. of Zoology and Supported by KSCSTE |



Scanned with CamScanner

| | |
|---|---|
| 02December | Bishop Jerome Memorial (South India)Inter college Paper presentation Competition on "The Dreams of Dr APJ Abdul Kalam and the Realities of India" organized by the PTA |
| 08 December | National Seminar on "Constitution of India: The changing dimensions" organized by the Dept.of History |
| 16-17 December | FMNC Students secured the second prize for leadership and Adventure game in the i-LEAD Leadership Test 2K15 organized by LEAD College of Management |
| 03 January | Entries invited for the T.Shahul Hameed Environmnet Essay Competition on the Topic "Climate Change: the new Paris agreement and its likely impact - organized by the Dept. of Zoology |
| 06January | Prof. Clement D'Cruz memorial annual Intercollege Quiz Competition Organized by Dept. Of Economics |
| 13 January | College Union Inauguration |
| 14 January | Seminar on "Say No to 'Drugs, No to Drinks" |
| 28 January | State level Seminar on "Solar Phytochemistry, Fundamentals and Applications "organized by the Dept. of Chemistry. |
| 2 Feburary | Seminar on "Career Orientation " organized jointly by PTA and Malayala Manorama |
| 4 Februay | Workshop for Mentors and Coordinators of WWS |
| 5 February | Seminar on" Higher education learning: Parameters of success" organized by IQAC |
| | Seminar on "Cyber Crime" |
| 10-11 February | Arts Festival |
| 19-20 February | Retreat for Teachers |
| 21February | UGC Supported National seminar organized by the Dept.of English |
| 24 February | Merit Day Celebrations: Lead Speakers - Shri KP Earnest IPS and Dr Prakash Chandran CEO, Meditrina Hosptital |
| 27 February | One day Science Camp for Higher Secondary School Students ( ISC,CBSE and |
| State | Streams ) organized by Dept. of Zoology |
| 29 February | Science Day Celeberations : organized by Dept. of Zoology |
| | Sports day |
| 3March | Film Festival |
| 4-5 March | RUSA Supported National seminar on "Fostering Synergistic relationships in the Higher Education Scenario:Capacity Building and Pedagogical Innovations" organized by IQAC |
| 10 March | Women's Day Celebrations |
| 12 March | Annual General Body meeting of PTA |
| 19 March | Alumini Meeting "Luminous PSY" organized by the Dept.of Pyschology |
| 31 March | Farewell to the Retiring staff |
| | College Day |
| 25 May | Workshop on "Autonomy: Prospects and Challenges" Lead speaker - Dr Madhava Menon |



Scanned with CamScanner

# സമന്വയ കലാലയ യൂണിയൻ റിപ്പോർട്ട് 2015-2016



പ്രിയപ്പെട്ടവരെ,

കലാലയ സൗഹൃദത്തിന്റെ ദീപ്തമായ ഈ ഇടനാഴികളിൽ പാറിപ്പറക്കുന്ന യുവമനസ്സുകൾ.... വാക്കും വരകളും വർണ്ണങ്ങളുംകൊണ്ട് ഭാവസാന്ദ്രമായ ഈ കലാഭൂമികയിലെ 2015-16 അദ്ധ്യയന വർഷത്തിലെ പ്രവർത്താനാവലോകന റിപ്പോർട്ട് നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുന്നു.

## കോളേജ്-യൂണിയൻ തെരഞ്ഞെടുപ്പ്

2015-2016 വർഷത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് കേരളസർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഡിസംബർ-4ന് നടന്നു. വൈകിയെത്തിയ കോളേജ് തിരഞ്ഞെടുപ്പിൽ 2014-15 തിരഞ്ഞെടുപ്പ് ഫലത്തിന് സമാനമായി ഇന്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനം 7ൽ 7 സീറ്റും ഏകപക്ഷീയമായി, വൻഭൂരിപക്ഷത്തിൽ നേടിയെടുത്ത് ഫാത്തിമയുടെ മാറിൽ നക്ഷത്രാങ്കിത ശുഭ്രപതാക പാറിപ്പിച്ചു കൊണ്ട് വിദ്യാർത്ഥിസമൂഹം ശരിയുടെ പക്ഷത്താണെന്നറിയിച്ചു.

## യൂണിയൻ ഭാരവാഹികൾ

| | | |
|---|---|---|
| ബെൻസിഗർ സാമുവൽ | - | ചെയർമാൻ |
| ആൻസി മസ്ക്രീൻ | - | വൈസ് ചെയർമാൻ |
| ഭാഗ്യലക്ഷ്മി.എസ് | - | ആർട്സ് ക്ലബ്ബ് സെക്രട്ടറി |
| സിബിൻ ഏണസ്റ്റ് | - | ജനറൽ സെക്രട്ടറി |
| നസീം.എൻ | - | മാഗസിൻ എഡിറ്റർ |
| അനന്തു | - | യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ |
| മാർഷൽ മെറിസൺ | - | യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ |

## സത്യപ്രതിജ്ഞ

ഡിസംബർ 14-ാം തീയതി നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വിൻസന്റ് ബി. നെറ്റോ സത്യവാചകങ്ങൾ ചൊല്ലിക്കൊടുത്തു. സത്യവാചകങ്ങൾ ഏറ്റുപറഞ്ഞ് യൂണിയൻ ഭാരവാഹികൾ സ്ഥാനമേറ്റു. ബഹുമാനപ്പെട്ട കോളേജ് പ്രിൻസിപ്പാളിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഡോ. ബിജു മാത്യുവിനെ യൂണിയൻ കൺസൾട്ടന്റ് ആയും പ്രൊഫ. ജോൺബ്രിട്ടോ, പ്രൊഫ. നിഷാതോമസ് എന്നിവരെ ആർട്സ് കൺസൾട്ടന്റുമാരായും തീരുമാനിച്ചു.

## കോളേജ് യൂണിയൻ ഉദ്ഘാടനം

കോളേജ് യൂണിയൻ ഉദ്ഘാടനം ജനുവരി 13-ാം തീയതി പ്രശസ്ത ചലച്ചിത്രതാരം സാജുനവോദയ (പാഷാണം ഷാജി) നിർവ്വഹിച്ചു. പ്രശസ്ത യുവ എഴുത്തുകാരിയും, പ്രവാസി മലയാളി കവയിത്രിയുമായ സോഫിയാ ഷാജഹാൻ ആർട്സ് ക്ലബ്ബ് ഉദ്ഘാടനം നിർവ്വഹിച്ചു. കോളേജ് യൂണിയൻ ചെയർമാൻ ബെൻസിഗർ സാമുവൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ആർട്സ് ക്ലബ്ബ് സെക്രട്ടറി ഭാഗ്യലക്ഷ്മി സ്വാഗതവും വൈസ്ചെയർപേഴ്സൺ ആൻസി മസ്ക്രീൻ നന്ദിയും പ്രകാശിപ്പിച്ചു. കാലത്തെ വെല്ലുന്ന മൂല്യങ്ങൾ മുൻനിർത്തി കൃത്യതയോടെയും സത്യസന്ധതയോടെയും മുന്നേറാൻ കോളേജ് യൂണിയൻ ഭാരവാഹികളെ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ആശംസിച്ചു. യോഗത്തിൽ യൂണിയൻ കൺസൾട്ടന്റ് ഡോ. ബിജു മാത്യുവും ആർട്സ് കൺസൾട്ടന്റ് പ്രൊഫ. നിഷാതോമസും ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ കലാവിരുന്ന് “ആരവം-2016” അരങ്ങേറി.



Scanned with CamScanner

## ആർട്സ് ഡേ- "വൈഖരി-2016"

ഫാത്തിമയുടെ മണ്ണിലെ കഴിവുള്ള കലാകാരന്മാരെ കണ്ടെത്തുക എന്ന ഉദ്യമത്തോടെ 'സമന്വയ' ആർട്സ് ഡേ 'വൈഖരി' വ്യത്യസ്തമാർന്ന രൂപഭാവങ്ങളോടെ ഫെബ്രുവരി 10, 11 തീയതികളിൽ നടത്തി. ചിത്രരചനാ വിഭാഗത്തിന്റെ മത്സരയിനങ്ങൾ പ്രശസ്ത ചിത്രകാരൻ ജ്യോതിലാൽസാർ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു. അതോടൊപ്പം ആർട്സ് ഡേ തികച്ചും വ്യത്യസ്തമായത് പ്രതിഭാസംഗമം കൊണ്ടായിരുന്നു. ആർട്സ് ഡേയുടെ ഔപചാരികമായ ഉദ്ഘാടനം പ്രശസ്ത ചലച്ചിത്രതാരം സന്തോഷ് ഈഴാറ്റൂർ ഭദ്രദീപം തെളിച്ചു നിർവ്വഹിച്ചു. സംഗീത-നൃത്താദി മത്സരയിനങ്ങളുടെ ഉദ്ഘാടനം സൂപ്പർ ഡാൻസർ ഫെയിം വിഷ്ണു നിർവ്വഹിച്ച യോഗത്തിൽ പ്രശസ്ത നാടകപ്രവർത്തകനും ചലച്ചിത്രതാരവുമായ രാജേഷ്ശർമ്മയെ പൊന്നാട അണിയിച്ച് ആദരിച്ചു. ആർട്സ് ഡേയ്ക്ക് 'വൈഖരി 2016' എന്ന നാമം നിർദ്ദേശിച്ച വിദ്യാർത്ഥിക്കും ആർട്സ് ഡേ ഭാഗ്യചിഹ്നത്തിന് നാമം നിർദ്ദേശിച്ച വിദ്യാർത്ഥിക്കും വിശിഷ്ടാതിഥികൾ പുരസ്കാരങ്ങൾ നൽകി. പ്രതിഭാസംഗമത്താൽ സമ്പന്നമായ വേദിയിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഡോ. വിൻസെന്റ് ബി. നെറ്റോ സാറും ആർട്സ് കൺസൾട്ടന്റ് പ്രൊഫ. നിഷാതോമസും, ആർട്സ് ക്ലബ്ബ് സെക്രട്ടറി ഭാഗ്യലക്ഷ്മിയും യൂണിയൻ ചെയർമാൻ ബെൻസിഗർ സാമുവലും മത്സരാർത്ഥികൾക്ക് ആശംസയേകി. 'ശ്രേഷ്ഠഭാഷാ മലയാളം' പദ്ധതിയുമായി ബന്ധപ്പെട്ട് 'മലയാളത്തിൽ കയ്യൊപ്പ്' മത്സരം സംഘടിപ്പിച്ചു. മൂന്ന് വേദികളിലായി നടത്തിയ കലാമത്സരങ്ങൾക്ക് എല്ലാ തന്നെ കഴിഞ്ഞ വർഷത്തെക്കാൾ വലിയ പങ്കാളിത്തമായിരുന്നു ഉണ്ടായിരുന്നത്. ഒന്നാം സ്ഥാനം നേടിയ വിജയികൾക്ക് ഫലപ്രഖ്യാപനത്തോടൊപ്പം വിധികർത്താക്കൾതന്നെ സർട്ടിഫിക്കറ്റ് നൽകിയത് 'വൈഖരി 2016' എന്ന കലാവിരുന്നിനെ വ്യത്യസ്തമാക്കി. ഫാത്തിമാ കോളേജിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി ആർട്സ്ക്ലബ്ബ് രൂപീകരിച്ച് ആർട്സ് ക്ലബ്ബ് അംഗങ്ങളുടെ മേൽനോട്ടത്തിൽ നടന്ന ആദ്യത്തെ ആർട്സ് ഡേ ആയിരുന്നു. 'വൈഖരി 2016' എന്നത് ഞങ്ങളുടെ യൂണിയന് അഭിമാനിക്കാവുന്ന കാര്യമായിരുന്നു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സമ്പൂർണ്ണസഹകരണംകൊണ്ട് രണ്ടുദിവസത്തെ ആർട്സ് ഡേ വൻവിജയമായി ആഘോഷിക്കാൻ കഴിഞ്ഞു.

## സ്പോർട്സ് ഡേ

കായികലോകത്തേക്ക് ഒട്ടേറെ താരങ്ങളെ സമ്മാനിച്ച ഫാത്തിമയുടെ മണ്ണിലെ പ്രതിഭകളെ കണ്ടെത്തുവാനും കരുത്തുപകരുവാനും കലാലയ യൂണിയൻ നടത്തിയ കായിക മാമാങ്കം വൻവിജയമായിരുന്നു. ഫെബ്രുവരി 29-ാം തീയതി ആണ് ഫാത്തിമയുടെ മണ്ണിലെ കായികമേള അരങ്ങേറിയത്. മുൻവർഷങ്ങളിൽ നിന്ന് വിഭിന്നമായി കായികമേളയ്ക്ക് നേതൃത്വം നൽകിയത് സ്പോർട്സ് ക്ലബ്ബ് സെക്രട്ടറി ലിബിൻ ആൻഡ്രൂസും യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ അനന്തുവും ആയിരുന്നു. മത്സരങ്ങളിലെ പെൺകുട്ടികളുടെ പങ്കാളിത്തവും സ്പോർട്സ് ഡേയെ വൻവിജയമാക്കി. സ്പോർട്സ് ഡേയുടെ ആരംഭം ബഹുമാനപ്പെട്ട പ്രിൻസിപ്പൽ വിൻസന്റ് ബി. നെറ്റോയും, കായിക വിദ്യാഭ്യാസ വിഭാഗം മേധാവി ഡോ. മരിയ പത്മ, വൈസ് പ്രിൻസിപ്പൽ ഡോ. സോഫിയ ഹൈസിന്ദും, ചേർന്ന് പതാക ഉയർത്തിയാണ് നിർവ്വഹിച്ചത്. വടംവലി തുടങ്ങിയ ഇനങ്ങളും അരങ്ങേറിയ സ്പോർട്സ് ഡേയെ ആകർഷകമാക്കിയ മറ്റൊരു ഘടകം കോളേജ് അധ്യാപകരടങ്ങുന്ന സ്റ്റാഫും വിദ്യാർത്ഥികളും തമ്മിലുള്ള സൗഹൃദ ക്രിക്കറ്റ് മാച്ച് ആയിരുന്നു. വിദ്യാർത്ഥിനി, വിദ്യാർത്ഥികളുടെ സമ്പന്നപങ്കാളിത്തംകൊണ്ട് സ്പോർട്സ് ഡേ വൻവിജയമായി നടത്തുവാൻ യൂണിയന് സാധിച്ചു.

## ഫിലിംഫെസ്റ്റിവൽ- "ദൃശ്യം-2016"

സിനിമാലോകത്തെ പ്രമുഖതാരങ്ങളെ സമ്മാനിച്ച ഫാത്തിമാ കോളേജിൽ ചലച്ചിത്രമേഖലയിലേ വളർന്നുവരുന്ന പ്രതിഭകളെ കണ്ടെത്താൻ സമന്വയ യൂണിയൻ മാർച്ച് 3-ാം തീയതി ഫിലിംഫെസ്റ്റിവൽ 'ദൃശ്യം- 2016' സംഘടിപ്പിച്ചു. പതിവിൽ നിന്ന് വ്യത്യസ്തമായ് മത്സരമായിട്ടായിരുന്നു ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിച്ചിരുന്നത്. നിരവധി ഹ്രസ്വചിത്രങ്ങൾ മത്സരത്തിനായ് എത്തിയപ്പോൾ, പ്രദർശനത്തിനായ് ഒട്ടേറെ ഹ്രസ്വചിത്രങ്ങൾ പരിഗണിക്കപ്പെട്ടു. ഫിലിം ക്ലബ്ബ് മേധാവികളുടെ നേതൃത്വത്തിൽ ഉള്ള സെൻസർബോർഡ് മികച്ചനടൻ, മികച്ച ചിത്രം തുടങ്ങീ ഒൻപതോളം പുരസ്കാരങ്ങൾ നിശ്ചയിച്ച് ചിത്രപ്രദർശനത്തിന് മുന്നോടിയായ് സാങ്കേതിക വിദഗ്ധർ നയിക്കുന്ന 'ഫിലിം എഡിറ്റിങ്' എന്നതിനെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വർക്ക്ഷോപ്പും സംഘടിപ്പിച്ചു.

## വുമൺസ് ഡേ

മാർച്ച് 10-ാം തീയതി വുമൺസ് ഡേ നടത്തി സ്തനാർബ്ബുദ ബോധവൽക്കരണത്തോടനുബന്ധിച്ച് വനിതാദിനാഘോഷത്തിനെത്തിയ യൂണിയൻ ഭാരവാഹികളും അധ്യാപകരും ബാഡ്ജ് ധരിക്കുന്നതിന് പകരമായി പിങ്ക് നിറത്തിലുള്ള റിബൺ ധരിച്ച് എത്തിയത് വളരെ വ്യത്യസ്തതയാർന്ന അനുഭവമായിരുന്നു. അന്നേദിവസം വിശിഷ്ടാതിഥിയായി, മൂന്നാംലിംഗത്തിൽ നിന്ന് ശസ്ത്രക്രിയ വഴി സ്ത്രീത്വം സ്വീകരിച്ച വോഡഫോൺ കോമഡിസ്റ്റാർ ഫെയിം സൂര്യ എത്തിച്ചേർന്നത് വിദ്യാർത്ഥികൾക്ക് നവ്യാനുഭവമായി.



Scanned with CamScanner

അതോടൊപ്പം; 2015-16ൽ ഫാത്തിമയിൽ നിന്ന് വിരമിക്കുന്ന അധ്യാപികമാരെ പൊന്നാട അണിയിച്ച് അനുമോദിച്ച ഗുരുവന്ദനം ചടങ്ങും വനിതാദിനാഘോഷത്തിന്റെ മാറ്റുകൂട്ടി. വൈസ്പ്രിൻസിപ്പൽ ഡോ. സോഫിയ ഹൈസിന്തും, വനിതാസെൽ കൺവീനർ ഡോ. നോയലിൻ ഫെർണാണ്ടസും ആർട്സ് ക്ലബ്ബ് സെക്രട്ടറി ഭാഗ്യലക്ഷ്മിയും പ്രസംഗിച്ച യോഗത്തിൽ യൂണിയൻ വൈസ് ചെയർമാൻ ആൻസി മസ്ക്രീൻ ആയിരുന്നു അധ്യക്ഷത വഹിച്ചത്. യോഗനടപടികൾക്ക് ശേഷം ഡോ. ബിന്ദു നയിച്ച From a girl to a women എന്ന സെമിനാർ അക്ഷരാർത്ഥത്തിൽ വനിതാദിനത്തിന് മുതൽക്കൂട്ടായി മാറി. യോഗനടപടികൾക്ക് ശേഷം വിദ്യാർത്ഥിനികളുടെ കലാപരിപാടികൾ നടന്നു.

അതോടൊപ്പം, മാർച്ച് 8 വനിതാദിനത്തിൽ മാതൃഭൂമിയും വനിതയും ചേർന്ന് നടത്തിയ വനിതാദിനാഘോഷം 'നീലാംബരി 2016' ലെ വിവിധ കലാമത്സരങ്ങളിൽ ഫാത്തിമാകോളേജിനെ പ്രതിനിധാനം ചെയ്ത് വിദ്യാർത്ഥിനികൾ പങ്കെടുത്തു. സംഘഗാനം, മലയാളപദ്യപാരായണം, ലളിതഗാനം തുടങ്ങിയ നിരവധി ഇനങ്ങൾക്ക് ജേതാക്കളായി ആണ് ഫാത്തിമയിലെ വിദ്യാർത്ഥിനികൾ തിരികെ എത്തിയത്.

### യുവജനോത്സവം 2016

കേരള സർവകലാശാല യുവജനോത്സവം മാർച്ച് 16,17,18,19,20 ദിവസങ്ങളിലായി ചെങ്ങന്നൂരിൽവച്ചു നടന്നു. ഫാത്തിമാകോളേജിൽ നിന്ന് ഏകദേശം 53 വ്യക്തിഗത ഇനങ്ങളിലും, 10ഓളം ഗ്രൂപ്പ് ഇനങ്ങളിലുമായി 160 വിദ്യാർത്ഥികളാണ് യുവജനോത്സവത്തിൽ മാറ്റുരച്ചത്. പങ്കെടുത്തതിൽ, കഥാപ്രസംഗത്തിന് ഒന്നാം സ്ഥാനവും, നാല് രണ്ടാംസ്ഥാനങ്ങളും, മൂന്ന് മൂന്നാംസ്ഥാനങ്ങളും നേടി ഫാത്തിമ കോളേജ് യുവജനോത്സവത്തിൽ ഉയർന്ന സ്കോർ കരസ്ഥമാക്കിയ ആദ്യ പത്തുകോളേജുകൾക്കുള്ളിൽ സ്ഥാനം പിടിച്ചു. കലാവിഭാഗം കൺസൾട്ടന്റുമാരായ പ്രൊഫ.നിഷാതോമസിന്റേയും, പ്രൊഫ. ജോൺബ്രിട്ടോയുടേയും നേതൃത്വത്തിൽ യുവജനോത്സവ വേദിയിലെത്തിയ വിദ്യാർത്ഥികൾ വളരെ വലിയ മുന്നേറ്റമാണ് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് പങ്കാളത്തത്തിലും പ്രകടന മികവിലും കാഴ്ചവച്ചത്. ചരിത്രവിജയം കൈവരിച്ചതിൽ പങ്കാളിയാകാൻ സാധിച്ചതിൽ യൂണിയൻ ഭാരവാഹികൾക്ക് അത്യധികം സന്തോഷമുണ്ട്.

### കേരള യൂണിവേഴ്സിറ്റി - നാടകോത്സവം

കേരളയൂണിവേഴ്സിറ്റി യൂണിയൻ നാടകോത്സവം ജൂൺ 17, 18 തീയതികളിൽ ടി.കെ.എം.ആർട്സ് കോളേജിൽവച്ചു നടന്നു. വൈകി നടത്തിയ നാടകോത്സവത്തിലും നമ്മുടെ കോളേജ് വിദ്യാർത്ഥികൾ മത്സരാർത്ഥികളായി. എല്ലാവിധ പിന്തുണകളും നൽകി ശക്തമായി യൂണിയൻ ഭാരവാഹികൾ അവർക്കൊപ്പമുണ്ടായിരുന്നു. നാടകോത്സവത്തിൽ മികച്ച രണ്ടാമത്തെ നാടകത്തിനുള്ള പുരസ്കാരം കരസ്ഥമാക്കിയ കോളേജ് ടീം അഞ്ച് വ്യക്തിഗത പുരസ്കാരങ്ങളിൽ നാല് പുരസ്കാരങ്ങളും നേടി. മികച്ചനടൻ, മികച്ചനടി, മികച്ച സഹനടി, മികച്ച ഹാസ്യതാരം തുടങ്ങിയ പുരസ്കാരങ്ങളാണ് രണ്ടാംസ്ഥാനത്തോടൊപ്പം കോളേജ് ടീം കരസ്ഥമാക്കിയത്.

### കോളേജ് ഡേ
### യൂണിയൻ-ആർട്സ്ക്ലബ്ബ് സമാപനം

കാലഘട്ടത്തിന്റെ മാറ്റങ്ങളും, ആ മാറ്റങ്ങളിലെ പോരായ്മകളും ആദ്യം പ്രതിഫലിക്കുന്നത് കലാലയത്തിലാണെന്ന തിരിച്ചറിവോടെ എല്ലാ പ്രതിസന്ധികളും മറികടന്ന് ഈ കലാലയത്തെ മനോഹരമായ കലാലയമായി നിലനിർത്താൻ ഞങ്ങൾക്ക് സാധിച്ചു. 2015-16 വർഷത്തെ കോളേജ് യൂണിയന്റെയും ആർട്സ് ക്ലബ്ബിന്റെയും സമാപനചടങ്ങായ കോളേജ് ഡേ 2016 ഏപ്രിൽ ഒന്നാം തീയതി നടത്തി. പ്രശസ്ത പിന്നണി ഗായകൻ വരുൺ ജെ. തിലകും, യുവത്വത്തിന്റെ ഹരമായി മാറിയ ഡി ഫോർ ഡാൻസ് ഫെയിം അജിത്തും വിശിഷ്ടാതിഥികളായ ചടങ്ങിൽ യൂണിയൻ ചെയർമാൻ ബെൻസിഗർ സാമുവൽ അധ്യക്ഷത വഹിച്ചു. ഗാനവിസ്മയമായി പ്രിയങ്കരനായ വരുൺ മാറിയപ്പോൾ, ചടുലമായ നൃത്തച്ചുവടുകളുടെ മാസ്മരികതയാൽ അജിത്ത് വിദ്യാർത്ഥികളുടെ ആവേശമായി തീർന്നു. 2015-16 കാലയളവിൽ നടത്തപ്പെട്ട എല്ലാ പരിപാടികളുടേയും വിജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചപ്പോൾ യൂണിയൻ സമാപനം അക്ഷരാർത്ഥത്തിൽ ചരിത്രനിമിഷമായി മാറി. യുവജനോത്സവത്തിൽ നിരവധി ഇനത്തിൽ പങ്കെടുത്ത ആതിരയെ പുരസ്കാരം നൽകി ആദരിച്ചു. കേരള യുവജനോത്സവത്തിൽ മികച്ച പ്രകടനം നടത്തി സമ്മാനാർഹരായ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ യുവജനോത്സവവിജയിയുടെ സർട്ടിഫിക്കറ്റും യൂണിയന്റെ ഉപഹാരവും ബഹുമാനപ്പെട്ട പ്രിൻസിപ്പൽ വിൻസെന്റ് ബി. നെറ്റോ സാറിൽ നിന്ന് ഏറ്റുവാങ്ങി. അതൊടൊപ്പം മികച്ച പ്രകടനത്തിന് ഫാത്തിമാകോളേജിന് ലഭിച്ച എവർറോളിംഗ് ട്രോഫി വിജയികളായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾ ചേർന്ന് ബഹുമാന്യ പ്രിൻസിപ്പാളിനെ വേദിയെ സാക്ഷ്യപ്പെടുത്തി ഏൽപ്പിച്ചു. യൂണിയൻ-ആർട്സ് ക്ലബ്ബ് സമാപനയോഗത്തിൽ ആർട്ക്ലബ്ബ് സെക്രട്ടറി ഭാഗ്യലക്ഷ്മി സ്വാഗതം ആശംസിച്ചപ്പോൾ, നന്ദിപ്രകാശിപ്പിച്ചത് യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ അനന്തു ജി. ആയിരുന്നു. യോഗനടപടികൾക്ക് ശേഷം വിദ്യാർത്ഥിനി-വിദ്യാർത്ഥികളുടെ കണ്ണുകൾക്ക് ആനന്ദാമൃതം പകരുന്ന കലാപരിപാടികൾ നടത്തി.



Scanned with CamScanner

വളരെ ചുരുങ്ങിയ കാലയളവിൽ നിരവധി സംരംഭങ്ങൾക്ക് തുടക്കം കുറിയ്ക്കുവാൻ ഞങ്ങളുടെ യൂണിയനു സാധിച്ചു. അതുപോലെ കോളേജിന്റെ നേട്ടങ്ങളുടെ പട്ടികയുടെ ദൈർഘ്യം വർദ്ധിപ്പിക്കുവാനും സാധിച്ചു. ഈ നേട്ടങ്ങൾക്ക് ഒപ്പവും എവിടെയൊക്കെയോ ഞങ്ങൾക്കും പോരായ്മകൾ സംഭവിച്ചത് ഞങ്ങൾ മനസ്സിലാക്കുന്നു, എങ്കിൽപോലും ചുരുങ്ങിയകാലയളവിൽ കുറേയെറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് യൂണിയൻ പ്രവർത്തനങ്ങൾക്ക് എല്ലാം തന്നെ, ആവശ്യമായ പ്രോത്സാഹനങ്ങളും സഹായങ്ങളും നിർദ്ദേശങ്ങളും നൽകിയ ... അധ്യാപകരേയും അനധ്യാപകരേയും വിദ്യാർ... സുഹൃത്തുക്കളേയും നന്ദി അറിയിക്കുന്നു. മി... കോളേജ് യൂണിയൻ ആയിരുന്നു എന്ന് സമാപന... ളയിലെ ബഹുമാനപ്പെട്ട പ്രിൻസിപ്പൽസാറിന്റെ വാ... കളെ സന്തോഷപൂർവ്വം സ്മരിച്ചുകൊണ്ട് ഞങ്ങളു... കർത്തവ്യം ഏറെക്കുറെ ഞങ്ങൾ നന്നായി നിറ... എന്ന ചാരിതാർത്ഥ്യത്തോടെ "2016-16 സമന്വയ ക... ലയ യൂണിയൻ റിപ്പോർട്ട്" ഏവരുടേയും അംഗീകാ... ത്തിനായ് സമർപ്പിക്കുന്നു.

# കോളേജ് യൂണിയൻ ഭാരവാഹികൾ

| | | | | | |
|---|---|---|---|---|---|
| ചെയർമാൻ | – | ബെൻസിഗർ സാമുവൽ | ലേഡി റപ്പ് | – | ഗ്രീഷ്മ മോഹൻ |
| വൈസ് ചെയർമാൻ | – | ആൻസി മസ്ക്രീൻ | | | റിയ സജി |
| ജനറൽ സെക്രട്ടറി | – | സിബിൻ ഏണസ്റ്റ് | Ist Year Rep | - | ആഷിഖ്. എസ് |
| മാഗസിൻ എഡിറ്റർ | – | നസീം. എൻ | IInd Year Rep | - | യു.എം. ഉണ്ണികൃഷ്ണൻ |
| ആർട്സ് ക്ലബ്ബ് സെക്രട്ടറി | – | ഭാഗ്യ ശ്രീനിവാസ് | IIIrd Year Rep | - | ലിബിൻ ആൻഡ്രൂസ് |
| യു.യു.സി | – | അനന്തു. ജി | | | |
| | | മാർഷൽ മെറിസൺ | | | |












Scanned with CamScanner

പ്യാരിമ ഞാൻ നിന്നെ പ്രണയിക്കുന്നു. അതിന്റെ ആഴവും പരപ്പും ഒന്നുമെനിക്കറിഞ്ഞുകൂടാ. പലരും നിന്നെ നേടുവാനുള്ള കഷ്ടപ്പാടിനെക്കുറിച്ച് എന്നെ ഓർമ്മിപ്പിച്ചു. പക്ഷേ പിന്മാറാൻ ഞാൻ ഒരുക്കമല്ലായിരുന്നു. നിനക്കുവേണ്ടി ഓടിനടന്ന പകലുകളും നിന്നെയോർത്ത് ഉറക്കമില്ലാതെ കിടന്ന രാത്രികളും കടന്നുപോയി. നിന്നെ നേടുവാനായി പരിചയസമ്പന്നരുടെ വാക്കുകൾ ഞാൻ സ്വീകരിച്ചു. പ്യാരിമ, പുതിയൊരു പേരു നൽകാത്തതിൽ നീയെന്നോട് ഖേദിക്കരുത് പുതിയൊരു പേര്നൽകി വിമർശനമുനകൾക്ക് മൂർച്ചകൂട്ടാൻ ഞാൻ ഒരുക്കമല്ല. അല്ലെങ്കിൽ തന്നെ പ്യാരിമയെന്ന പേരിൽ നീ അതിസുന്ദരിയാണ്. യുദ്ധത്തിലും പ്രണയത്തിലും നിയമങ്ങളില്ലെന്ന് പറയുമെങ്കിലും നമ്മുടെ പ്രണയപാതയിൽ ഒരുപാട് നിയമങ്ങൾ ഉണ്ടായിരുന്നു. നിനക്കായ് ഞാൻ എന്റെ ക്ലാസ്സുകളെ ഉപേക്ഷിച്ചു. ഫാത്തിമയിലെ സുന്ദരികളെ കണ്ടില്ലാന്നുനടിച്ചു. പരീക്ഷകൾ നിറഞ്ഞ ലോകത്തിന് ഞാൻ അവധിനൽകി. നിനക്കായ് എന്നെന്നും കലാലയത്തിൽ വന്നുപോയി. നമ്മുടെ മംഗല്യത്തിനായി നിന്നെ അണിയിച്ചൊരുക്കാനുള്ള തിരക്കിലായിരുന്നു ഞാൻ. നിനക്കായ് ഞാൻ കയറാത്ത കടകമ്പോളങ്ങളില്ല. നിന്നെ അണിയിച്ചൊരുക്കാൻ എന്റെ പെറ്റമ്മയും പോറ്റമ്മയും ഒക്കെ എത്തി. ഇന്നാരെയും മോഹിപ്പിക്കുന്ന രീതിയിൽ അക്ഷരങ്ങളുടെ നിലാവായ് നീയെന്റെ മുന്നിൽ ഉദിച്ചു നിൽക്കുമ്പോൾ എനിക്ക് നിന്നോട് അസൂയതോന്നുന്നു. സദാചാര നിഷ്കളങ്കതയെല്ലാം കാറ്റിൽ പറത്തിയവളാണ് നീ. ഓരോ വർഷവും നിനക്ക് ഓരോ കാമുകന്മാർ. നിന്റെ കാമുകനാവാൻ നിന്നെ പ്രണയിക്കുവാൻ മത്സരിക്കുന്നവർ. നീ ഭാഗ്യവതി തന്നെ. അതിലൊരു കാമുകനാകാൻ കഴിഞ്ഞതിൽ ഞാനഭിമാനിക്കുന്നു.

എന്ന് നിന്റെ സ്വന്തം.

നസീം
മാഗസിൻ എഡിറ്റർ




Scanned with CamScanner